**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3578 — 20.06.2018 ൽ മറുപടിക്ക്

# കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയുടെ വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ. പ്രദീപ്കുമാർ | | കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയുടെ വികസനവുമായി ബന്ധപ്പെട്ട് സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചതെന്ന് വിശദമാക്കമോ; | (എ) | 19.08.2016 ലെ സ.ഉ.(സാധാ)നം.2304/16 തീയതി 19.08.2016 പ്രകാരം ഒ.പി.ബ്ലോക്കിന്റെ പുതിയ കെട്ടിടത്തിന് 37 ലക്ഷം രൂപയുടെ ഭരണാനുമതി ബഹു.എം.എൽ.എ ശ്രീ.പ്രദീപ്കുമാറിന്റെ ആസ്തി വികസന ഫണ്ട് പ്രകാരം നൽകിയിട്ടുണ്ട്. 2017-18 ലെ മോഡണൈസേഷൻ ഓഫ് ഡ്രഗ് സ്റ്റോർ അണ്ടർ ഡി.എച്ച്.എസ് എന്ന പ്ലാൻ സ്കീമിൽ 10.07.2017 ലെ സ.ഉ.(സാധാ).1923/17/ആ.കു.വ. പ്രകാരം 599.644 ലക്ഷം രൂപ വിവിധ ആശുപത്രികൾക്കായി അനുവദിച്ചതിൽ കോഴിക്കോട് ബീച്ച് ആശുപത്രിയുടെ ഇലക്ട്രിക്കൽ വർക്കിനായി 1.62 ലക്ഷം രൂപയും, സിവിൽ വർക്കിനായി 13.71 ലക്ഷം രൂപയും വകകൊള്ളിച്ചിട്ടുണ്ട്. ടി തുക തുടർ പ്രവർത്തികൾ നടപ്പിലാക്കാനായി പി.ഡബ്ല്യു.ഡി.യ്ക്ക് കൈമാറിയിട്ടുണ്ട്. ഇവിടെ കാത്ത് ലാബ് തുടങ്ങുന്നതിന് 11 കോടി രൂപ അനുവദിക്കുകയും ആശുപത്രിയുടെ സമഗ്ര വികസനത്തിന് DPR തയ്യാറാക്കുവാൻ INKEL എന്ന ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. കൂടാതെ 10.06.2016 ലെ സ.ഉ.(സാധാ) 2213/16/ആ.കു.വ. പ്രകാരം കോഴിക്കോട് ഗവൺമെന്റ് ജനറൽ ആശുപത്രിയിൽ ക്യാന്റീൻ ബ്ലോക്ക് നിർമ്മാണത്തിന് 65 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കോഴിക്കോട് ഗവൺമെന്റ് ജനറൽ ആശുപത്രിയെ 22.04.2017 ലെ ജി.ഒ(പി) നം.58/2017/ആ.കു.വ പ്രകാരം ജില്ലാതല ആശുപത്രി വിഭാഗത്തിൽ ഉൾപ്പെടുത്തി ഇവിടെ 23.09.2017 ലെ സ.ഉ.(സാധാ) 136/17/ആ.കു.വ. പ്രകാരം ഫോറൻസിക് സർജൻ-1, റേഡിയോ ഡയഗ്നോസിസ് (ജൂനിയർ കൺസൾട്ടന്റ്) 1, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ-2, ഡയാലിസിസ് ടെക്നീഷ്യൻ-3, എക്സ്റേ അറ്റൻഡർ-1, മെഡിക്കൽ റിക്കോർഡ് അറ്റൻഡർ-1, ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ-1 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ആവിഷ്ക്കരിച്ച പദ്ധതികളുടെ പുരോഗതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | കോഴിക്കോട് ഗവൺമെന്റ് ജനറൽ ആശുപത്രിയിൽ പുതിയ ഒ.പി.ബ്ലോക്ക് എൻ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചതിനാൽ ഒ.പി.ബ്ലോക്കിനു മുകളിൽ നേത്ര രോഗ വിഭാഗത്തിന്റെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനു വേണ്ടി 36 ലക്ഷം രൂപ പി.ഡബ്ല്യൂ.ഡി ക്ക് കൈമാറിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഡ്രഗ് സ്റ്റോർ നവീകരണത്തിന് ഫണ്ട് അനുവദിച്ച് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി തരുന്നതിന് പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് ആശുപത്രി സൂപ്രണ്ട് കത്ത് നൽകിയിട്ടുണ്ട്.<br>കാത്ത് ലാബ് തുടങ്ങുന്നതിലേയ്ക്കായി ആശുപത്രിയിലെ നിലവിലുള്ള പേവാർഡുകൾ മാറ്റി അവിടേയ്ക്ക് നിലവിലുള്ള മെഡിസിൻ വാർഡ് മാറ്റിയിട്ടുണ്ട്. പ്രസ്തുത വാർഡിൽ കാത്ത് ലാബ് തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടി KHRWS/KMSCL മുഖേന ആരംഭിച്ചിട്ടുണ്ട്. ആശുപത്രിയിൽ ഇലക്ട്രിസിറ്റി സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗത്തിൽ നിന്നും ടെന്റർ നടപടി പൂർത്തിയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ